**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3430** **02-03-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോണിൽ നിന്നും കൃഷി ഭൂമി ഒഴിവാക്കി കിട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ബഫർ സോണിൽ നിന്നും കൃഷി ഭൂമി ഒഴിവാക്കി കിട്ടുന്നതിനും ഈ മേഖലയിലുള്ള കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നത്തിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (എ) | **ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനു 10-08-2022ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 44/2022/വനം പ്രകാരം വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.** |

സെക്ഷൻ ഓഫീസർ